# 25 ജൂലൈ 2010

# പെന്തിക്കൊസ്തിക്കുശേഷം ഒമ്പതാം ഞായർ

## ലൂക്കാ 8:4-15

**ഫാ. ഗീവർഗീസ് വല്യചാങ്ങവീട്ടിൽ**

സമാന്തര സുവിശേഷകർ മൂന്നുപേരും വിവരിക്കുന്ന വിത്തിന്റെ ഉപമ ദൈവവചനത്തോട് നാം പുലർത്തേണ്ട ആഭിമുഖ്യങ്ങൾ വ്യക്തമാക്കുന്നു. വി. യാക്കോബ് ശ്ലീഹാ പറയുന്നതുപോലെ, "നിങ്ങൾ വചനം കേൾക്കുക മാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതെ അത് അനുവർത്തിക്കുന്നവരും ആയിരിക്കുവിൻ" (യാക്കോ 1:22). ദൈവവചനം നൽകുന്ന ഉൾക്കാഴ്ചകൾ നമ്മുടെ ജീവിതത്തെ കണ്ണാടിയിലെന്നപോലെ കാണാനും നവീകരിക്കാനും സഹായിക്കും. ദൈവ കല്പിതമായ ജീവിത നിയോഗങ്ങൾ മനസിലാക്കാനും അവയ്ക്കായി ആത്മാർപ്പണം ചെയ്യാനും വചനം നമ്മെ ശക്തരാക്കും. നമ്മുടെ ജീവിതത്തിന്റെ സമഗ്രതയെ ഉൾക്കൊള്ളുന്നതാണ് വചന സ്വീകരണം. മാറിവരുന്ന ജീവിതാവസ്ഥകൾ വചനത്തിന്റെ ഫലദായകത്വം നഷ്ടപ്പെടുത്തുന്നതാകരുത്. ഇന്നത്തെ സുവിശേഷം ദൈവവചനത്തിന്റെ ഫലപ്രാപ്തിക്ക് തടസമാകുന്ന ജീവിത മനോഭാവങ്ങളെയും വൈകാരിക തലങ്ങളെയുംകുറിച്ചുള്ള സൂചനകളാണ്.

**സുവിശേഷ സംഗ്രഹം**

- വചനമാകുന്ന വിത്ത് വിതയ്ക്കപ്പെടുന്ന വ്യതസ്ത നിലങ്ങൾ
- ജീവിത വ്യഗ്രതകളും സ്വാർത്ഥ താല്പര്യങ്ങളും വചനത്തിന്റെ ഫലപ്രാപ്തിക്ക് തടസമാകുന്നു.
- ഒരുക്കപ്പെട്ട നിലത്ത് വിതച്ച വിത്ത് സമൃദ്ധമായി ഫലം നൽകുന്നു.

ദൈവവചനത്തിന്റെ ഫലദായകത്വം ആർക്കും നിഷേധിക്കാനാവില്ല. എന്നാൽ വചനസ്വീകരണം നടക്കുന്ന ജീവിതസാഹചര്യങ്ങൾ അതിന്റെ ഫലസമൃദ്ധിയിൽ ഏറ്റക്കുറച്ചിലുകൾ വരുത്തും.

**വഴിയരികിൽ വീണ വിത്തിന്** ആരുടെയും ശ്രദ്ധയോ പരിചരണമോ ലഭിക്കില്ല. വഴിയാത്രികർ ധാരാളം കടന്നുപോകുന്നെങ്കിലും വിത്തിന്റെ വളർച്ചയ്ക്ക് ആവശ്യമായ സാഹചര്യം അവിടെയില്ല. അതിനാൽ വിത്തെന്ന നിലയിൽ അതിനുള്ള നിലനില്പുതന്നെ നഷ്ടമാകും. വചനം സ്വീകരിക്കുന്നവരിലും ഇത് സംഭവിക്കാം. വചനം ശ്രവിക്കുന്ന വ്യക്തി അത് മനസിലാക്കാനും അനുസരിക്കാനും നിരന്തരം ശ്രദ്ധാലുവായിരിക്കണം. നമ്മുടെ അനുദിനമുള്ള മറ്റു പ്രവർത്തികൾക്കു തുല്യമായി കരുതിയാൽ വചന സ്വീകരണം ഫലം നൽകില്ല. ജീവിതത്തിലെ സുപ്രധാന ഘട്ടങ്ങളിലെല്ലാം വചനം പഠിക്കാനും പ്രാവർത്തികമാക്കാനും ശ്രമിക്കണം. സമയലഭ്യത നോക്കി ദൈവവചനം വായിക്കുന്നത് പ്രയോജനപ്രദമല്ല. ലൗകിക ചിന്തകളും തീരുമാനങ്ങളും വചനത്തെ നിർജീവമാക്കും. അതിനാൽ വചനത്തോട് തുടർച്ചയായ ശ്രദ്ധയും താദാത്മ്യപ്പെടലും വചനം സ്വീകരിക്കുന്ന വ്യക്തി നടത്തണം.

**പാറയിൽ വീണ വിത്ത്** വേരുകൾ കടന്നുചെല്ലാൻ സാധ്യമല്ലാത്തതിനാൽ ഫലം പുറപ്പെടുവിക്കുന്നില്ല. പ്രലോഭനങ്ങൾ അവരെ പരാജിതരാക്കുന്നു. വചനത്തിന്റെ സാധ്യതകൾ മനസിലാക്കി സ്വീകരിക്കാൻ മടിക്കുന്നവരാണിവർ. ഇന്ന് ദൈവവചനം നമ്മിൽ ഫലദായകമാകാൻ വിശ്വാസത്തിന്റെ ആഴവും

ദൃഢതയും ആവശ്യമാണ്. വചനം ഇടപെടുമ്പോൾ ജീവിതത്തിൽ സംഭവിക്കുന്നവ നമ്മിൽ അസ്വസ്ഥത ഉളവാക്കും. എന്നാൽ അവ നമ്മെ തളർത്തിയാൽ വചനം അർത്ഥശൂന്യമാകും. ദൈവഹിതം തിരിച്ചറിയാനുള്ള പ്രധാന മാർഗം വചനമാണ്. നമ്മുടെ ജീവിത സാഹചര്യങ്ങളെ നിരന്തരം വിശുദ്ധീകരിക്കാൻ വചനത്തിന് സാധിക്കും. തെറ്റായ പ്രലോഭനങ്ങളെ അതിജീവിച്ച് നാം വചനമനുസരിച്ച് ജീവിക്കുന്നവരാകും.

**മുള്ളുകൾക്കിടയിലെ വിത്തിന്** ഫലം പുറപ്പെടുവിക്കാൻ ആഗ്രഹമുണ്ട്. പക്ഷേ വചനമനുസരിച്ച് ക്രിയാത്മകമായി പ്രവർത്തിക്കാൻ സാധിക്കുന്നില്ല. സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ ഞെരിഞ്ഞമരുന്നു. ഉത്തമ ബോധ്യവും തീഷ്ണതയും സ്വന്തമായുണ്ടെങ്കിലും ജീവിത ക്ലേശങ്ങളും ജഢീകാഭിലാഷങ്ങളോടുള്ള അമിത താല്പര്യവും അവരെ നിഷ്ക്രിയരാക്കുന്നു. ദൈവത്തെയും വചനത്തെയും ഗൗരവമായി കരുതി സ്വീകരിക്കുന്നതിൽ ആരംഭം മുതലുള്ള പരാജയത്തിന്റെ ഫലമാണ് ഇന്നനുഭവിക്കുന്ന ആത്മവിശ്വാസക്കുറവും തൽഫലമായ നിഷ്ക്രിയത്വവും. വചനമുയർത്തുന്ന വെല്ലുവിളികൾ നമ്മേ ഭയപ്പെടുത്തുന്നെങ്കിൽ വചനാനുസൃതം ജീവിക്കാൻ നാം തയ്യാറാകില്ല.

**നല്ല നിലത്തുവീണ വിത്ത്** സമൃദ്ധമായി ഫലം നൽകി. അതീവ ശ്രദ്ധയോടെ വചനം വായിച്ചു പഠിച്ചു. വചനത്തിന്റെ സാധ്യതകളെ മനസിലാക്കി അവ തന്നിൽ യാഥാർത്ഥ്യമാക്കാൻ സാഹചര്യം ഒരുക്കി വചനത്തെ ഗൗരവമായി കരുതി സ്വീകരിച്ച് ജീവിതത്തിൽ സുപ്രധാനസ്ഥാനം നൽകി. തന്നിൽ ഫലം പുറപ്പെടുവിക്കാൻ അനുകൂലമായി സ്വയംക്രമീകരിച്ചു.

ഇത്തരത്തിൽ വചനം ഫലദായകമാകാൻ ആവശ്യമായ ഇടങ്ങൾ ക്രമീകരിക്കുക എന്നതാണ് നമ്മുടെ ദൗത്യം. സഭാമക്കളുടെ ജീവിതത്തിൽ വചന സ്വീകരണവും ക്രിയാത്മകമായ പ്രതികരണവും നടക്കണം. കൂദാശ സ്വീകരണവും സഭാത്മക ജീവിതവും ഇപ്രകാരം വചനത്തിന് സമൃദ്ധമായി ഫലം നൽകാൻ സാധിക്കുന്ന നല്ല നിലങ്ങളായി നമ്മേ രൂപാന്തരപ്പെടുത്തണം. സ്വർഗസ്ഥനായ പിതാവിന്റെ ഹിതം നിരന്തരം നമുക്ക് വെളിപ്പെടുത്തിതരുന്ന വചനത്തെ കാലഘട്ടങ്ങൾക്കതീതമായി ഫലദായകവും പ്രസക്തവുമാക്കാൻ നമ്മുടെ ജീവിതത്തിലൂടെ സാധിക്കണം. നമ്മുടെ കുടുംബങ്ങൾ അതീവ ശ്രദ്ധയോടെ വചനത്തെ പരിചരിക്കുന്ന ഇടങ്ങളാകണം. വചനം നമ്മിൽ ഉളവാക്കുന്ന അസ്വസ്ഥതകൾ നിലത്തു വീണഴിയുന്ന ഗോതമ്പുമണിയുടെ നിയോഗം സ്വന്തമാക്കുന്ന അനുഭവമാണ്. ജീവിത സഹനങ്ങൾ നമ്മെ നിഷ്ക്രിയരാക്കുകയല്ല, മറിച്ച് വചനാനുസൃതം ജീവിക്കാൻ പ്രാപ്തരാക്കണം. കാരണം ഭൗതികമായ സംരക്ഷണവലയം നഷ്ടപ്പെടുമ്പോഴാണ് വിത്തിന്റെ വളർച്ച യാഥാർത്ഥ്യമാവുന്നത്. അതുപോലെ ബാഹ്യമായ സുരക്ഷിതത്വം വചനാനുസൃതം ജീവിക്കാനുള്ള പരിശ്രമത്തിൽ നമുക്ക് നഷ്ടമാകുമ്പോൾ വചനം നൽകുന്ന ബോധ്യങ്ങളും ജീവിത ദർശനങ്ങളും നമ്മുടെ ക്രിസ്തീയതയുടെ ഫലദായകത്വം സജീവമായി നിലനിർത്തും

.

********************